**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **17-09-2025 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി 2022-ൽ നിലവിൽ വന്നു. സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള ഡവലപ്പർ പെർമിറ്റിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേനയാണ് സ്വീകരിക്കുന്നത്. നാളിതുവരെ 59 അപേക്ഷകൾ വെബ്പോർട്ടൽ മുഖേന ലഭിച്ചിട്ടുണ്ട്. വെബ് പോർട്ടൽ മുഖേന സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകുന്നു. സംസ്ഥാനത്ത് ഇതുവരെ 37 സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇതുമൂലം പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | കേരളത്തിലെ വ്യവസായ വികസനത്തിന് ഊന്നൽ നല്കി കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. സംസ്ഥാനത്തെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും യുവതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകികൊണ്ടാണ് പ്രസ്തുത സ്കീം വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടൽ വഴിയാണ് ക്യാമ്പസ് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള ഡവലപ്പർ പെർമിറ്റിന് അപേക്ഷ സ്വീകരിക്കുന്നത്. നാളിതുവരെ 25 അപേക്ഷകൾ ലഭിച്ചു. ആയതിൽ 3 സ്ഥാപനങ്ങൾക്ക് ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 7 കോളേജുകൾക്ക് കൂടി ഡവലപ്പർ പെർമിറ്റ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി മീറ്റിങ്ങിൽ തീരുമാനമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി കൂടുതൽ ക്യാമ്പസുകളിലേക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഡി) | ഈ പദ്ധതി കൂടുതൽ കാമ്പസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ജില്ലാ തലത്തിൽ ബോധവത്കരണ പരിപാടികളും ജില്ലാ കലക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അതത് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി യോഗങ്ങളും സംഘടിപ്പിച്ചു വരുന്നു. |
| (ഇ) | കോളേജ് വിദ്യാർത്ഥികളുടെ ആശയങ്ങൾ വികസിപ്പിച്ച് അവരെ സംരംഭകത്വത്തിലേക്ക് നയിക്കാൻ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്.<br><br>കാമ്പസ് പാർക്കിന്റെ ഡവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ Trade/branch/core subject -മായി ബന്ധമുള്ള സംരംഭങ്ങൾക്ക് ഈ പാർക്കിൽ മുൻഗണന ഉണ്ടാകും. ഇത്തരം വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുള്ള കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്കും പഠിതാക്കൾക്കും ഇവിടെ ആരംഭിക്കുന്ന സംരംഭങ്ങളിൽ അപ്രന്റീസ്ഷിപ്പ്/ഇന്റേൺഷിപ്പ് നൽകു ന്നതിനുള്ള അവസരം ഒരുക്കുകയും അവരുടെ വിജയകരമായ ആശയങ്ങൾ പരിപോഷിപ്പിച്ച് സംരംഭകരായി മാറ്റാനും പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ